# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3392 22.08.2017-ൽ മറുപടിക്ക്**

**സംസ്ഥാന ഭരണം പിരിച്ചുവിടണമെന്ന ആർ.എസ്.എസിന്റെ വ്യാജ പ്രചരണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. വി അബ്ദുറഹിമാൻ<br>ശ്രീ.എം. സ്വരാജ്<br>ശ്രീ.എസ്.രാജേന്ദ്രൻ | ശ്രീ. പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) സംസ്ഥാന ഭരണം പിരിച്ചുവിടണമെന്ന ആർ.എസ്.എസിന്റെ ആവശ്യത്തെ തുറന്നു കാട്ടാൻ ആവശ്യമായ പ്രചരണം നടത്താൻ തയ്യാറാകുമോ; | (എ) സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) ദേശീയ ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ കണക്കുപ്രകാരം കൊലപാതകം, കൊലപാതകശ്രമം തുടങ്ങിയ കുറ്റകൃത്യങ്ങളിൽ താരതമ്യേന സംസ്ഥാനത്തിന്റെ നില എന്താണെന്ന് മറ്റു സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തി അറിയിക്കുമോ; | (ബി) ദേശീയ ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ 'ക്രൈം ഇൻ ഇൻഡ്യ' അവസാനമായി പ്രസിദ്ധീകരിച്ചത് 2015 വർഷത്തെ കണക്കുകൾ ആണ്. കൊലപാതകങ്ങളുടെയും കൊലപാതക ശ്രമങ്ങളുടെയും എണ്ണം താരതമ്യം ചെയ്യുമ്പോൾ സംസ്ഥാനത്തിന്റെ നില 18-മത് സ്ഥാനത്താണ്. കൊലപാതകങ്ങളുടെ കാര്യത്തിൽ ആദ്യത്തെ മൂന്നു സ്ഥാനങ്ങൾ ഉത്തർപ്രദേശ്, ബീഹാർ, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങൾക്കും കൊലപാതക ശ്രമങ്ങളുടെ കാര്യത്തിൽ ആദ്യത്തെ മൂന്നു സ്ഥാനങ്ങൾ പശ്ചിമ ബംഗാൾ, ബീഹാർ, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങൾക്കും ആണ്.<br>വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) വർഗ്ഗീയ ശക്തികൾ ഗുജറാത്തിൽ വംശഹത്യ നടത്തിയപ്പോഴോ, കാശ്മീരിൽ കലാപം വ്യാപകമാക്കിയപ്പോഴോ, യു.പി.യിൽ ദളിത്, ന്യൂനപക്ഷ വേട്ട നടത്തിക്കൊണ്ടിരിക്കുമ്പോഴോ, ആ സർക്കാരുകളെ പിരിച്ചുവിടുകയോ അങ്ങനെ ചെയ്യണമെന്ന് ആർ.എസ്.എസ് | (സി) ഗുജറാത്ത്, യു.പി, കശ്മീർ എന്നീ സർക്കാരുകളെ പിരിച്ചുവിട്ടതായോ ഈ സർക്കാരുകളെ പിരിച്ചുവിടണമെന്ന് ആർ.എസ്.എസ് ആവശ്യപ്പെട്ടതായോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ദേശീയ ക്രൈം റിക്കാർഡ്സ് ബ്യൂറോ 2015 വരെയുള്ള കണക്കുകൾ മാത്രമേ പ്രസിദ്ധീകരിച്ചിട്ടുള്ളൂ. യു.പി യിൽ ബി.ജെ.പി സർക്കാർ |

| | | | |
|---|---|---|---|
| | ആവശ്യപ്പെടുകയോ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; യു.പി യിൽ ബി.ജെ.പി അധികാരത്തിലെത്തിയ ശേഷമുള്ള ക്രമസമാധാന നില കേരളത്തിലെ ക്രമസമാധാന നിലയുമായി നാഷണൽ ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ കണക്കുകളുടെ അടിസ്ഥാനത്തിൽ താരതമ്യം ചെയ്ത് അറിയിക്കുമോ; | | അധികാരത്തിലെത്തിയ ശേഷമുള്ള കണക്കുകൾ പ്രസിദ്ധീകരിച്ചിട്ടില്ല. |
| (ഡി) | 2016 ൽ കേന്ദ്ര സർക്കാർ അരുണാചൽ പ്രദേശ് സർക്കാരിനെ പരിച്ചുവിട്ട കേസ്സിൽ സുപ്രീം കോടതി നടത്തിയ നിരീക്ഷണങ്ങളും വിധിയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.<br>ബഹു. സുപ്രീംകോടതി Nabam Rabia and ors. v. Deputy Speaker and ors (2016) എന്ന കേസിൽ 13.07.2016-ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ ഇന്ത്യൻ ഭരണഘടനയിലെ അനുച്ഛേദം 163, 174 എന്നിവ പ്രകാരം ഗവർണറിൽ നിക്ഷിപ്തമായ അധികാരങ്ങൾ മുഖ്യമന്ത്രിയുടെയും മന്ത്രിസഭയുടെയും അംഗീകാരമില്ലാതെ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച തടസ്സമാണ് ചൂണ്ടിക്കാട്ടിയിട്ടുള്ളത്. പ്രസ്തുത വിധിന്യായത്തിൽ ഗവർണറുടെ നടപടി ഭരണഘടനാ വിരുദ്ധമാണെന്ന് കോടതി അഭിപ്രായപ്പെടുകയും ഇത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ബഹു. സുപ്രീംകോടതിയുടെ അഞ്ചംഗ ജഡ്ജിമാരടങ്ങിയ ഭരണഘടനാ ബെഞ്ചാണ് ടി കേസിൽ 383 ഖണ്ഡികകൾ ഉള്ള വിശദമായ വിധിന്യായം പുറപ്പെടുവിച്ചിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

| ക്രമ നം. | സംസ്ഥാനം | 2015-ൽ രജിസ്റ്റർ ചെയ്ത കൊലപാതകങ്ങളുടെ എണ്ണം. | 2015-ൽ കൊലപാതക ശ്രമത്തിന് രജിസ്റ്റർ ചെയ്ത കേസുകൾ |
|---|---|---|---|
| 1 | ആന്ധ്രാപ്രദേശ് | 1099 | 1737 |
| 2 | അരുണാചൽപ്രദേശ് | 57 | 53 |
| 3 | ആസ്സാം | 1343 | 1044 |
| 4 | ബീഹാർ | 3178 | 5981 |
| 5 | ഛത്തീസ്ഗഢ് | 929 | 726 |
| 6 | ഗോവ | 31 | 25 |
| 7 | ഗുജറാത്ത് | 1150 | 908 |
| 8 | ഹരിയാന | 1002 | 859 |
| 9 | ഹിമാചൽപ്രദേശ് | 106 | 64 |
| 10 | ജമ്മു & കാശ്മീർ | 133 | 430 |
| 11 | ജാർഖണ്ഡ് | 1536 | 992 |
| 12 | കർണ്ണാടക | 1557 | 2470 |
| 13 | കേരളം | 334 | 587 |
| 14 | മദ്ധ്യപ്രദേശ് | 2339 | 2507 |
| 15 | മഹാരാഷ്ട്ര | 2509 | 2683 |
| 16 | മണിപ്പൂർ | 81 | 196 |
| 17 | മേഘാലയ | 149 | 113 |
| 18 | മിസ്സോറാം | 36 | 24 |
| 19 | നാഗാലാന്റ് | 51 | 60 |
| 20 | ഒഡീഷ | 1473 | 2446 |
| 21 | പഞ്ചാബ് | 701 | 884 |
| 22 | രാജസ്ഥാൻ | 1569 | 1645 |
| 23 | സിക്കിം | 17 | 17 |
| 24 | തമിഴ്നാട് | 1748 | 2935 |
| 25 | തെലുങ്കാന | 1188 | 1143 |
| 26 | ത്രിപുര | 144 | 89 |
| 27 | ഉത്തർപ്രദേശ് | 4732 | 4897 |
| 28 | ഉത്തരാഖണ്ഡ് | 192 | 199 |
| 29 | പശ്ചിമബംഗാൾ | 2096 | 9918 |
| **ആകെ** | | **31480** | **45632** |